# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 20

06/01/2014ലെ
മറുപടിക്ക്

## പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനം

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പി.എസ്.സി.യിൽ ഓൺലൈൻ പരീക്ഷാ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. 7.9.2013ലാണ് ആദ്യ ഓൺലൈൻ പരീക്ഷ നടന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ആധുനിക സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തി പരീക്ഷാ നടത്തിപ്പ്, നിയമന നടപടികൾ എന്നിവ ത്വരിതപ്പെടുത്തുക എന്നതാണ് ഓൺലൈൻ പരീക്ഷയുടെ ലക്ഷ്യം. |
| (സി) ഏതെല്ലാം പരീക്ഷകളാണ് ഈ സംവിധാനത്തിൽ നടത്തിയിട്ടുള്ളത് ; | (സി) കെ.എസ്.ആർ.ടി.സി.യിൽ അസി. എഞ്ചിനിയർ (സിവിൽ), Special Recruitment for SC/ST തസ്തികയുടെ പരീക്ഷയാണ് ഈ സംവിധാനത്തിൽ നടത്തിയത്. |
| (ഡി) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകൾക്കും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) പി.എസ്.സി.യുടെ നയപരമായ തീരുമാന പ്രകാരമായിരിക്കും എല്ലാ പരീക്ഷകൾക്കും ഓൺലൈൻ പരീക്ഷാ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നത്. |

A. Sn

സെക്ഷൻ ഓഫീസർ